# നയാകൃഷി ആന്ദോളൻ അഥവാ ജനകീയ ജൈവകൃഷി


സ്വന്തം ലേഖകൻ

കളനാശിനികളും രാസവളങ്ങളും ഉപേക്ഷിച്ചുകൊണ്ടുള്ള പുതിയ കൃഷിരീതി ബംഗ്ലാദേശിൽ ചുവടുറക്കുന്നു. സമൂഹപങ്കാളിത്തത്തോടെ നടക്കുന്ന ഈ കാർഷിക കൂട്ടായ്മ ഒരു ബദൽ കാർഷിക സംസ്കാരത്തിന് അടിത്തറപാകുകയാണ്.

ഗ്രാം കർമികളാണ്-ഗ്രാമീണതൊഴിലാളികൾ- ഈ പ്രവർത്തനങ്ങളുടെ നട്ടെല്ലായി പ്രവർത്തിക്കുന്നത്. ഭൂരിഭാഗവും സ്ത്രീകളായിരുന്നു. ഇവരാണ് ഗ്രാമത്തിലെ പ്രകൃതി വിഭവങ്ങളുടെ കണക്കുകൾ സൂക്ഷിച്ചതും വിത്തുകൾ സംഭരിച്ചതും ആവശ്യക്കാർക്ക് വിതരണം നടത്തിയതും. വിത്തുകളുടെ ശേഖരണത്തിനും സംഭരണത്തിനുമായി ഗ്രാമതലത്തിൽ വിത്ത് സംഭരണികൾ നടത്തി. ഔഷധസസ്യങ്ങൾ നട്ടുവളർത്തി അവയുടെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്തു.

ബംഗ്ലാദേശിലെ പ്രളയബാധിത പ്രദേശമായ ടാംഗെയിലിലെ ചെറുകിടകർഷകരുടെ പ്രശ്നങ്ങളിൽ നിന്നാണ് ഈ കൃഷിരീതി രൂപംകൊണ്ടത്.

നെൽവയലുകളിലേക്ക് വെള്ളം കയറി കൃഷി നശിച്ച് ജീവിതം തന്നെ വഴിമുട്ടി നിൽക്കുന്ന ഒരു അവസ്ഥയിലായിരുന്നു അവർ. 1988-ൽ ഇവർ UBINIG എന്ന ഒരു പ്രാദേശിക സംഘടനയെ സഹായത്തിനായി സമീപിച്ചു. കർഷകരുടെ ഇന്നത്തെ അവസ്ഥക്ക് കാരണം വെള്ളപ്പൊക്കം മാത്രമല്ല അവലംബിച്ചുപോന്ന ആധുനിക കൃഷി രീതികൂടിയാണെന്ന് സംഘടനപ്രവർത്തകർ മനസ്സിലാക്കി. ഇവരുടെ പഠനത്തിൽ കൃഷിക്കുവേണ്ട രാസവളത്തിന്റെ അളവ് കൂടിവരികയാണെന്നും കളശല്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും മനസ്സിലായി. ജീവജാലങ്ങളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. കൃഷിയിൽ നിന്നുള്ള വിളയുടെയും വരുമാനത്തിന്റെയും അളവ് കുറഞ്ഞുവരികയാണെന്നും മനസ്സിലായി. ഇതെല്ലാം പുതിയ കൃഷിരീതി സ്വീകരിക്കാൻ അവരെ നിർബന്ധിതരാക്കി.



❑ ബംഗ്ലാദേശിൽ സമ്മിശ്രകൃഷി നടത്തുന്ന ഒരു ജൈവകൃഷിയിടം

കളനാശിനികളും രാസവളങ്ങളും പൂർണമായി ഉപേക്ഷിച്ച് പച്ചിലവളവും കമ്പോസ്റ്റും മാത്രമുപയോഗിച്ച് കൃഷി തുടങ്ങി. ഒറ്റവിളമാത്രം കൃഷി ചെയ്യുന്നിടത്ത് ഒന്നിലധികം വിളകൾ ചെയ്തുതുടങ്ങി. ഇതു മൂന്നുമടങ്ങ് ഫലപ്രദമായിരുന്നു. ഇതുമൂലം വരുമാനം 50മുതൽ 200 വരെ ശതമാനം വരെ വർദ്ധിച്ചിട്ടുണ്ട്.

ഇന്ന് 65000ൽ അധികം കുടുംബങ്ങൾ 'നയാകൃഷി' രീതിയിൽ അവലംബിക്കുന്നുണ്ട്. സാമ്പത്തിക ലാഭം മാത്രമല്ല പരിസ്ഥിതിയും മെച്ചപ്പെടുന്നു എന്നതാണ് പ്രധാന നേട്ടം. മണ്ണിന് ഫലഭൂയിഷ്ഠത കൈവരുന്നു. ജൈവവൈവിദ്ധ്യം സംരക്ഷിക്കപ്പെടുന്നു.

ഗ്രാമങ്ങളിലെ ജീവിതവ്യവസ്ഥ തന്നെ പാടേ മാറിയിരിക്കുന്നു. മുമ്പെന്നത്തേക്കാളും ആത്മവിശ്വാസമുള്ളവരായി അവർ മാറിയിരിക്കുന്നു. സാംസ്കാരികരംഗത്തുകൂടി ഇതിന്റെ ഗുണഫലങ്ങൾ പ്രകടമാണ്. സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വളരെ കുറഞ്ഞു. നയാകൃഷി ആന്ദോളൻ ഗ്രാമത്തിലെ ജീവിതവ്യവസ്ഥയിലേക്ക് കൊണ്ടുവന്ന ബന്ധത്തിന്റെ സ്വഭാവം തന്നെ സ്ത്രീകളെ ശക്തിപ്പെടുത്താനുതകുന്നതായിരുന്നു.

ചില സർക്കാരിതര സംഘടനകകളും മറ്റും മുൻകയ്യെടുത്താണ് ചില ഗ്രാമങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെടാനും സമൂഹത്തിന്റെ മുഖ്യധാരാ കാർഷിക ചിന്തയിൽ സുപ്രധാനമായ നേട്ടം കൈവരിക്കാനും ഈ രീതിക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ, കാർഷിക മന്ത്രാലയവും മറ്റും ഇതിനെക്കുറിച്ച് വളരെ ബോധവാന്മാരാണെങ്കിലും, ദേശീയ തലത്തിൽ ഇതിന് വളരെ കാര്യമായ പിന്തുണയൊന്നും ലഭിക്കുന്നില്ല.